# ബാലാവകാശ കമ്മീഷൻ

2023 –24

**വിദ്യാഭ്യാസ അവകാശം ആക്റ്റ്, 2009**

സംസ്ഥാന പൊതുവിദ്യാഭ്യാസസ്ഥാപനങ്ങളിലെ അധ്യാപകർക്ക് ബാലാവകാശ സംരക്ഷണ നിയമങ്ങളുമായി ബന്ധപ്പെട്ട് ബോധവത്ക്കരണ പരിശീലന പരിപാടിയുടെ മൂന്നാം ഘട്ടം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് പൊതു വിദ്യാഭ്യാസ ഡയറക്ടർ, എസ്.സി.ഇ.ആർ.ടി. ഡയറക്ടർ, എസ്.എസ്.കെ. ഡയറക്ടർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് 2024 ഫെബ്രുവരി 14–ന് കൂടിയാലോചനയോഗം സംഘടിപ്പിച്ചു.

എസ്.പി.സി അധ്യാപകർ, പോലീസ് ഉദ്യോഗസ്ഥര് എന്നിവർക്ക് പരിശീലനം– കൂടിയാലോചന യോഗം സംഘടിപ്പിച്ചു.

കേരളത്തിലെ 15 പോലീസ് ജില്ലകളിലെയും എസ്.പി.സിയുടെ ചുമതലയുള്ള അധ്യാപകർക്ക് ബാലാവകാശങ്ങൾ, സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം ആക്റ്റ്, 2009, ബാലനീതി ആക്റ്റ് 2015, പോക്സോ ആക്റ്റ്, 2012 എന്നീ വിഷയങ്ങളില് ജില്ലാതല ഏകദിന പരിശീലനം സംഘടിപ്പിച്ചു.

സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള കുട്ടികളുടെ അവകാശം, ബന്ധപ്പെട്ട മുഴുവൻ കർത്തവ്യവാഹകരെയും ഉൾപ്പെടുത്തി 14 ജില്ലകളിലും അവലോകനയോഗം സംഘടിപ്പിക്കുകയും, പ്രവർത്തനങ്ങള് വിലയിരുത്തുകയും യോഗത്തില് ഉന്നയിച്ച പ്രശ്നങ്ങൾക്ക് കമ്മീഷന് പരിഹാരമാർഗ്ഗങ്ങള് നിർദ്ദേശിക്കുകയും ചെയ്തു.

സംസ്ഥാനത്തുള്ള പ്രീ–പ്രൈമറി സ്കൂൾ പ്രവർത്തനങ്ങൾക്ക് ഏകീകൃത രൂപമില്ല. നിലവിലുള്ള സിലബസുകൾ ഓഡിറ്റ് നടത്തുകയും ഇവയെ ഒരു ഏകീകൃത സിലബസാക്കി മാറ്റി കുട്ടികളിലേക്ക് എത്തിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണെന്ന് കമ്മീഷന് വിലയിരുത്തുകയും ഇതിൻറെ അടിസ്ഥാനത്തില് വനിതാശിശുവികസന വകുപ്പ്, വിദ്യാഭ്യാസവകുപ്പ്, എസ്.സി.ഇ.ആർ.ടി, പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പുകള് എന്നിവരുമായി 2023 ജൂലൈ 19–ന് കൂടിയാലോചനായോഗം സംഘടിപ്പിച്ചു.

സൈബർസുരക്ഷയെകുറിച്ചും, ഇൻറർനെറ്റിൻറെ നല്ല ഉപയോഗത്തെകുറിച്ചും 14 ജില്ലകളിലെയും 8, 9, 10, 11, 12 ക്ലാസുകളിലെ കുട്ടികൾക്ക് ബോധവത്കരണം നടത്തുന്നതിനായി നോഡൽ ഓഫീസര് സൈബർഡോം, പൊതുവിദ്യാഭ്യാസ വകുപ്പ്, എസ്.പി.സി. നോഡൽ ഓഫീസര് എന്നിവരുമായി കൂടിയാലോചന യോഗം സംഘടിപ്പിച്ചു.

സംസ്ഥാനത്തെ പ്രീപ്രൈമറി മുതലുള്ള അധ്യാപക പരിശീലന സിലബസില് ബാലാവകാശസംരക്ഷണ നിയമങ്ങൾ ഉൾപ്പെടുത്തു ന്നത് സംബന്ധിച്ച് – കൂടിയാലോചനായോഗം സംഘടിപ്പിച്ചു.

**പോക്സോ ആക്റ്റ്-2012**

സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും റിപ്പോർട്ട് ചെയ്യപ്പെടുന്ന പോക്സോ കേസുകളുടെ വിവരങ്ങൾ പ്രത്യേകം തയ്യാറാക്കിയ പ്രൊഫോർമയിൽ ശേഖരിച്ച് കമ്മീഷനിൽ ക്രോഡീകരിച്ചു.

കമ്മീഷൻ നെട്ടയം ഇൻറഗ്രേറ്റഡ് ചൈൽഡ് കെയര് സെൻറര് സന്ദർശിച്ച് സ്ഥാപനത്തിൻറെ സുഗമമായ നടത്തിപ്പില് ഉടന് നടപടികള് സ്വീകരിക്കുന്നതിന് വനിതാ ശിശു വികസന-ആഭ്യന്തര-ആരോഗ്യ വകുപ്പുകൾക്ക് കമ്മീഷന് ശിപാർശകള് നൽകി.

വനിതാ ശിശു സംരക്ഷണ സ്ഥാപനത്തിലെ സൂപ്രണ്ടുമാർ, ഹോം മാനേജർമാര് എന്നിവരുമായുള്ള ഓൺലൈന് കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു.

പോക്സോ നിയമ നടത്തിപ്പ്, ജില്ലാതല കർത്തവ്യവാഹകരുടെ അവലോകന യോഗം സംഘടിപ്പിച്ചു.

സർവ്വകലാശാലയിലെ അധ്യാപക പരിശീലന വിഷയങ്ങള് പഠിക്കുന്ന വിദ്യാർത്ഥികൾക്കായുള്ള സിലബസിലെ കുട്ടികളുടെ അവകാശ സംരക്ഷണ നിയമങ്ങള് എന്ന വിഷയത്തിൽ പോക്സോ ആക്റ്റ്, 2012 ഉൾപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങള് തയ്യാറാക്കി.

ചൈൽഡ് വെൽഫെയര് കമ്മിറ്റി ചെയർപേഴ്സൺമാര്, മെമ്പർമാര്, ജില്ലാ ശിശു സംരക്ഷണ ഓഫീസർമാര് എന്നിവരുമായുള്ള ഓൺലൈന് കൂടിയാലോചനാ യോഗം സംഘടിപ്പിച്ചു.

മാധ്യമങ്ങളും കുട്ടികളുടെ സ്വകാര്യതയും എന്ന വിഷയത്തിൽ മാധ്യമ പ്രവർത്തകർക്കായുള്ള കൈപ്പുസ്തകം തയ്യാറാക്കി വിതരണം ചെയ്തു.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മിഷൻറെ ആഭ്യമുഖ്യത്തില് "മാധ്യമങ്ങളും കുട്ടികളുടെ സംരക്ഷ ണവും പോക്സോ, ബാലനീതി ആക്റ്റ കളുടെ അടിസ്ഥാനത്തിൽ" എന്ന വിഷയത്തിൽ എറണാകുളം ഹോട്ടല് അബാദ് പ്ലാസയില് മാധ്യമ സെമിനാർ സംഘടിപ്പിച്ചു.

വിവാഹമോചന കേസ്- കുട്ടികള് നേരിടുന്ന പ്രശ്നങ്ങളും കുടുംബകോടതി സാഹചര്യങ്ങളും- ഗവേഷണ പഠന റിപ്പോർട്ട് തയ്യാറാക്കി.

**ബാലനീതി ആക്റ്റ് 2015**

ബാലവേല ബാലവിവാഹ വിമുക്ത കേരളമാക്കുന്നതിന് മുന്നോടിയായി കർത്തവ്യവാഹകരുടെ കൂടിയാലോചനായോഗം സംഘടിപ്പിച്ചു.

ബാലസൗഹൃദം യാഥാർത്ഥ്യമാക്കുക, ബാലാവകാശ സാക്ഷരത ഉറപ്പ

വരുത്തുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണല് ഡയറക്ടറേയും, എല്ലാ ജില്ലകളിലെയും തദ്ദേശസ്വയംഭരണ വകുപ്പ് ജോയിൻറ്

ഡയറക്ടർമാരെയും ഡെപ്യൂട്ടി ഡയറക്ടര് ഓഫ് പഞ്ചായത്ത് എന്നിവരെയും ഉൾപ്പെടുത്തി യോഗം സംഘടിപ്പിച്ചു

ബാലസൗഹൃദ രക്ഷാകർതൃത്വം സംബന്ധിച്ച് മോഡ്യൂള് തയ്യാറാക്കുന്നതിൻറെ ഭാഗമായി കൂടിയാലോചനായോഗം നടത്തി

ജുവനൈൽ ജസ്റ്റിസ് കമ്മിറ്റികളിലെ കർത്തവ്യവാഹകരെ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും അവലോകന യോഗം സംഘടിപ്പിച്ചു.

ബാലനീതി ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട 36 ഗവൺമെൻറ് ചിൽഡ്രൻസ് ഹോമുകളിലും, വിമൺ ആൻറ് ചിൽഡ്രൻസ് ഹോമുകളിലും ശിശുദിനാഘോഷം അതിവിപുലമായി സംഘടിപ്പിച്ചു.

ബാലാവകാശ വാരാചരണത്തിൻറെ ഭാഗമായി ദേശീയ ശിശുദിനമായ നവംബര് 14 മുതല് 20 വരെയുള്ള തീയതികളില് എല്ലാ ജില്ലാ ശിശുസംരക്ഷണ യൂണിറ്റുകളുടെ നേതൃത്വത്തില് ലഹരി വിരുദ്ധ സന്ദേശമുൾപ്പെടുത്തി കുട്ടികളുടെ കലാപരിപാടികളും, ബോധവൽകരണ പരിപാടികളും സംഘടിപ്പിച്ചു.

ധർമ്മടം നിയോജക മണ്ഡലം ബാലസൗഹൃദമായി പ്രഖ്യാപിക്കുന്നതുമായി ബന്ധപ്പെട്ട് പഞ്ചായത്തുകളിൽ പരിശീലന പരിപാടി സംഘടിപ്പിച്ചു.

ബാലസൗഹൃദ രക്ഷകർതൃത്വം സംബന്ധിച്ച് കുടുംബശ്രീയുടെ തെരഞ്ഞെടു ക്കപ്പെട്ട റിസോഴ്സ് പേഴ്സൺമാരെ ഉൾപ്പെടുത്തി ദ്വിദിനപരിശീലന പരിപാടി സംഘടിപ്പിച്ചു.

ലഹരി ഉപയോഗവും വ്യാപനവും കുട്ടികളുടെ പുനരധിവാസവും സംബന്ധിച്ച് സംസ്ഥാനതല കർത്തവ്യവാഹകരുടെ ഏകദിന ശിൽപശാല സംഘടിപ്പിച്ചു.

ശൈശവവിവാഹ നിരോധന നിയമം-(2006) സംസ്ഥാനത്ത് കാര്യക്ഷമമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് കർത്തവ്യവാഹകരെ ഉൾപ്പെടുത്തി കൂടിയാലോചന യോഗം സംഘടിപ്പിച്ചു.

കേരളത്തെ ബാലവേല വിമുക്ത സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനു മുന്നോടിയായി കർത്തവ്യവാഹകരെ ഉൾപ്പെടുത്തി അവലോകന യോഗം സംഘടിപ്പിച്ചു.

ബാലനീതി ആക്റ്റ് 2015, പോക്സോ ആക്റ്റ് 2012, ആർ.റ്റി.ഇ ആക്റ്റ് 2009 എന്നിവ ഒരു കൈപ്പുസ്തകമാക്കി 10000 കോപ്പികള് അച്ചടിച്ചു.

സുന്ദര ബാല്യം സുരക്ഷിത കേരളം എന്ന പേരിൽ മലയാളത്തിലും, Happy Childhood Safe Kerala എന്ന പേരിൽ ഇംഗ്ലീഷിലും റിപ്പോർട്ട് പ്രസിദ്ധീകരിച്ചു.

ബാലാവകാശ ലംഘനങ്ങളും പിഴവുകളും സംബന്ധിച്ച പരാതികളിൻമേൽ വേഗത്തിൽ പരിഹാരം കാണുന്നതിന് ഓൺലൈൻ കംപ്ലെയ്ൻറ് മാനേജ്മെൻ്റ് സംവിധാനം ബാലാവകാശ കമ്മീഷനിൽ നടപ്പിലാക്കി.